**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

**നം.ഫിൻ.സി 2/139740/2019/എച്ച്.എസ്.ഇ.** **തീയതി : 16/04/2019.**

# സർക്കുലർ

വിഷയം: ഹ.സെ.വി.വ - ഫിനാൻസ് - ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരീക്ഷകൾക്ക് സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകൾ വിട്ടു നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. 19.01.2019-ാം തീയതിയിലെ EA-1-13/കെ.ഡി.ആർ.ബി/2019 നമ്പർ കത്ത്.
2. റവന്യൂ (ദേവസ്വം) വകുപ്പിന്റെ 06.01.2018-ലെ റവ/ദേവ2/532/2017റവ-നമ്പർ സർക്കുലർ.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് നടത്തുന്ന വിവിധ തസ്തികകളിലേക്കുള്ള എഴുത്തു പരീക്ഷയ്ക്കായി കേരളത്തിലെ ഹയർ സെക്കന്ററി സ്കൂളുകൾ വിട്ടു നൽകുന്നതിന് റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്ന് സൂചന (2) സർക്കുലർ പുറപ്പെടുവിച്ചിരുന്നു. മേൽ സൂചന സർക്കുലറിലെ നിർദ്ദേശപ്രകാരം ഹയർ സെക്കന്ററി സ്കൂളിന്റെ പഠന പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകൾക്ക് ഹയർ സെക്കന്ററി സ്കൂളുകൾ വിട്ടുനൽകാവുന്നതാണ്.

(ഒപ്പ്)

**സീനിയർ ഫിനാൻസ് ഓഫീസർ**

ഉള്ളടക്കം: സൂചന (2) സർക്കുലറിന്റെ കോപ്പി

# കേരള സർക്കാർ

റവന്യൂ(ദേവസ്വം) വകുപ്പ്

നം.റവ- ദേവ2/532/2017-റവ. തിരുവനന്തപുരം, തീയതി,06/01/2018

## <u>സർക്കുലർ</u>

വിഷയം:- റവന്യൂ(ദേവസ്വം) വകുപ്പ്-കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരീക്ഷകൾക്ക് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളും കോളേജുകളും വിട്ട് നൽകുന്നത് സംബന്ധിച്ച്

സൂചന:- കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറിയുടെ 19.12.2017 ലെ നം.142/കെ. ഡി.ആർ.ബി നം കത്ത്.

*************************

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകൾക്ക് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളും കോളേജുകളും വിട്ട് കിട്ടണമെന്ന് സൂചന പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു. ആയതിനാൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്ത് പരീക്ഷകളുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളും കോളേജുകളും പഠന പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ വിട്ടുനൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ ഡയറക്ടർ ,ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ,കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തുടങ്ങിയവർ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

കെ. ആർ. ജ്യോതിലാൽ
സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി പൊതു വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ , കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ,ഹയർസെക്കന്ററി വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ , വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, തിരുവനന്തപുരം.
ഐ&പി. ആർ.ഡി (വെബ് സൈറ്റിലേയ്ക്ക്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ